അഴിമതി അവസാനപ്പിക്കുന്നതിന് നടപടി

*12. [136] ശ്രീ. രാജു എബ്രഹാം :

" കെ. പി. സതീശ്ചന്ദ്രൻ :

" പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ രംഗത്ത് വളർന്നു വരുന്ന അഴിമതി അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) അവിഹിതസ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും, അഴിമതിക്കാരായ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുക്കുന്നതിനും നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ പുതിയ നിയമം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ;

(സി) 1946-ലെ ക്രിമിനൽ നിയമത്തിന് കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ അവിഹിതസ്വത്ത് സമ്പാദിച്ചവർക്കെതിരെ കേരളത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) വിവിധ വകുപ്പുകളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് കേസ്സുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേയ്ക്ക് വ്യാപിപ്പിച്ച് തുടർന്ന് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വുകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ പരിശോധനയിലാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ച് പ്രസ്തുത ഉദ്യോഗസ്ഥന്മാരെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നിരന്തരം നിരീക്ഷിച്ചുവരുന്നുണ്ട്. വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുതല വിജിലൻസ് ആഫീസർമാരുടേയും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥന്മാരുടേയും ഒരു സംയുക്ത യോഗം 2005 മേയിൽ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഴിമതി അവസാനിപ്പിക്കുവാൻ നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അവിഹിതസ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നത് സംബന്ധിച്ച് നിയമനിർമ്മാണം പരിഗണനയിലാണ്.

(സി) 1944-ലെ ക്രിമിനൽ നിയമ ഭേദഗതി ഓർഡിനൻസ് അനുസരിച്ച് അവിഹിതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല.

ദേശീയ വികസന സമിതി യോഗനിർദ്ദേശങ്ങൾ

*13. [137] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :

ശ്രീ. കെ. പി. മോഹനൻ :

,, സി. കെ. നാണു :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വികസന സമിതി യോഗത്തിൽ, കേരളത്തിന്റെ താല്പര്യങ്ങൾ കണക്കിലെടുത്ത് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുഖ്യമന്ത്രി കേന്ദ്രത്തിൽ സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇക്കാര്യത്തിൽ അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ദേശീയ വികസന സമിതി യോഗത്തിൽ കേരളത്തിന്റെ താൽപര്യങ്ങൾ കണക്കിലെടുത്ത് മുഖ്യമന്ത്രി സമർപ്പിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു;

1. കാർഷിക മേഖലയിൽ പ്രത്യേകിച്ച് നാണ്യവിളകളെ സംബന്ധിച്ച പ്രശ്നങ്ങൾ.

2. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നയരൂപീകരണം.

3. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly